# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2114 - 18.06.2013-ലെ മറുപടിക്ക്

## സാമ്പത്തിക വളർച്ചാ നിരക്ക് ഉയർത്താൻ പദ്ധതികൾ


ചോദ്യം
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. പാലോട് രവി
ശ്രീ. പി.എ. മാധവൻ

ഉത്തരം
ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)


| | |
|---|---|
| (എ) സംസ്ഥാനത്തെ സാമ്പത്തിക വളർച്ചാ നിരക്ക് രണ്ടക്കത്തിലേക്ക് എത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; (ബി) ഇതിനായി സംസ്ഥാനത്തെ സംരംഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; (സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാനത്തിന്റെ സാമ്പത്തിക വികാസത്തിലുള്ള മുഖ്യ പങ്ക് കണക്കിലെടുത്ത് ഈ മേഖലയുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് നിരവധി വൻകിട പദ്ധതികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കൊച്ചി മെട്രോ, ഹൈ സ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, 35-ാം നാഷണൽ ഗെയിംസ് പദ്ധതികൾ, മൊബിലിറ്റി ഹബ്ബ് എന്നിവ അവയിൽ ചിലതാണ്. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയുടെ മുന്നേറ്റത്തിനായി എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത കാർഷിക വായ്പാ ലഭ്യത ഉറപ്പാക്കുന്നതിനും ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പന്നങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും അതുവഴി കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനും നടപടികൾ കൈക്കൊണ്ടു വരുന്നു. അതുപോലെ തന്നെ മാനവ വിഭവശേഷി വികസനത്തിനും പ്രത്യേക പ്രാധാന്യം |

| | |
|---|---|
| | നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരിയർ ഡെവലപ്മെന്റ് മിഷൻ, പ്ളെയിസ്മെന്റ് സെല്ലുകൾ തുടങ്ങിയവ ആരംഭിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്.<br>വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട്, പുതിയ നികുതി-നികുതിയേതര വരുമാനങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>സംസ്ഥാനത്തെ സംരഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന ഉദ്ദേശത്തോട് കൂടി കേരള സർക്കാർ നടത്തിയ 'എമർജിംഗ് കേരള' വൻ വിജയമായിരുന്നു. ഇതിന്റെ തുടർച്ചയായി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ വികസന സാധ്യതകളെ കുറിച്ച് വിശദമായ അവലോകനം നടത്താൻ അന്താരാഷ്ട്ര നിലവാരമുള്ള ഒരു പ്രൊഫഷണൽ ഏജൻസിയേയോ അക്കാഡമിക് സ്ഥാപനത്തേയോ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.<br>സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പ്രധാനമായും സിഡ്കോ, കെ.എസ്.ഐ.ഡി.സി, ഇൻകൽ, കിൻഫ്ര തുടങ്ങിയ ഏജൻസികളെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.<br>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളാണ് സാമ്പത്തിക വളർച്ചാലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തടസം സൃഷ്ടിക്കുന്നത് എന്നതിനാൽ പദ്ധതി നിർവ്വഹണത്തിലെ കാലവിളംബം ഒഴിവാക്കുന്നതിന് |

| | |
|---|---|
| | സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ പദ്ധതികളുടെ രൂപകല്പന പൂർത്തിയാക്കാനും പദ്ധതി നിർവ്വഹണത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതികൾക്ക് അനുമതി നൽകുന്നതിനും ഫണ്ട് വിതരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു. ബജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**